# എൻ.എസ്.എസ്. ബാലൻസ് ഷീറ്റ് പൊതുയോഗം - 2021
## (വീഡിയോ കോൺഫറൻസിലൂടെ)

നായർ സർവീസ് സൊസൈറ്റിയുടെ 2020 ഏപ്രിൽ 1-ാം തീയതി മുതൽ 2021 മാർച്ച് 31-ാം തീയതി വരെയുള്ള വരവുചെലവു കണക്കും, ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റുമെന്റും, ബാക്കിപത്രവും പാസ്സാക്കുന്നതിനുള്ള ബാലൻസ് ഷീറ്റ് പൊതുയോഗം എൻ.എസ്.എസ്.പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ 28.10.2021 വ്യാഴാഴ്ച രാവിലെ 11.30-ന് ഓൺലൈൻ വീഡിയോ കോൺഫറൻസ് വഴി നടക്കുകയുണ്ടായി.

കോവിഡ് 19 പ്രതിരോധത്തിനായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ ഇപ്പോഴും നിലനില്ക്കുന്നതിനാലും കേന്ദ്രസർക്കാരിന്റെ മിനിസ്ട്രി ഓഫ് കോർപ്പറേറ്റ് അഫയേഴ്സിന്റെ 8.4.2020-ലെ 14/2020 നമ്പരിലും 13.4.2020-ലെ 17/2020 നമ്പരിലും 21.4.2020-ലെ 18/2020 നമ്പരിലും 5.5.2020-ലെ 20/2020 നമ്പരിലും 17.8.2020-ലെ 28/2020 നമ്പരിലും 13/01/2021-ലെ 02/2021 നമ്പരിലും ഉള്ള സർക്കുലറുകളിലെ വ്യവസ്ഥകൾ അനുസരിച്ചും ആണ് ഇത്തവണത്തെ എൻ.എസ്.എസ്. ബാലൻസ് ഷീറ്റ് പൊതുയോഗവും ഓൺലൈൻ വീഡിയോ കോൺഫറൻസ് വഴി നടത്തേണ്ടിവന്നത്.

താലൂക്ക് യൂണിയനുകളിൽ സജ്ജമാക്കിയ 55 സെന്ററുകളിലൂടെയുള്ള വീഡിയോ കോൺഫറൻസ് വഴിയാണ് എൻ.എസ്.എസ്. ഹെഡ് ഓഫീസിൽ ഓൺലൈനായി സജ്ജീകരിച്ച പ്രസ്തുത പൊതുയോഗത്തിൽ 60 താലൂക്ക് യൂണിയനുകളിൽനിന്നുമുള്ള പ്രതിനിധിസഭാംഗങ്ങൾ പങ്കെടുത്തത്.

എൻ.എസ്.എസ്. പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരുടെ നേതൃത്വത്തിൽ മന്നംസമാധിയിൽ പുഷ്പാർച്ചന നടത്തിയ ശേഷമാണ് വീഡിയോ കോൺഫറൻസ് വഴിയുള്ള സമ്മേളനം ആരംഭിച്ചത്.

ഈശ്വരപ്രാർത്ഥന, ആചാര്യാനുസ്മരണം, അംഗങ്ങളുടെ ഹാജർ രേഖപ്പെടുത്തൽ, സത്യപ്രതിജ്ഞ എന്നിവയ്ക്കു ശേഷം അദ്ധ്യക്ഷന്റെ പ്രസ്താവനയും റിപ്പോർട്ടവതരണവും നടന്നു. വരവുചെലവു കണക്ക്, ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റുമെന്റ്, ബാക്കിപത്രം എന്നിവ സംബന്ധിച്ച് കൂടുതൽ വിശദീകരണങ്ങൾ ഒന്നും ആവശ്യമായി വന്നില്ല.

2021 മാർച്ച് 31-ാം തീയതിയിലെ 161,47,82,264 രൂപ സ്വത്തുവിവരം കാണിക്കുന്ന ബാക്കിപത്രവും 2020 ഏപ്രിൽ 1-ാം തീയതി മുതൽ 2021 മാർച്ച് 31-ാം തീയതി വരെയുള്ള ഒരു വർഷത്തേക്ക് 81,41,25,919 രൂപ വരവും 82,98,58,365 രൂപ ചെലവും കാണിക്കുന്ന വരവു-ചെലവുകണക്കുകളും, ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റും യോഗം ഐകകണ്ഠ്യേന അംഗീകരിക്കുകയുണ്ടായി.

തുടർന്ന്, 2021-22 സാമ്പത്തികവർഷത്തെ കണക്കുകൾ ഓഡിറ്റുചെയ്യുന്നതിന് എൻ.എസ്.പണിക്കർ & കമ്പനിയെ ഓഡിറ്റർ ആയി നിയമിച്ചുകൊണ്ടും അവരുടെ പ്രതിഫലം നിശ്ചയിച്ചുകൊണ്ടുമുള്ള പ്രമേയങ്ങൾ പാസ്സാക്കപ്പെട്ടു.

തുടർന്ന് അവതരിപ്പിച്ച അനുശോചനപ്രമേയം, പ്രസിഡന്റിന്റെ ഉപസംഹാരപ്രസംഗം, ജനറൽ സെക്രട്ടറിയുടെ കൃതജ്ഞത എന്നിവയ്ക്കു ശേഷം ദേശീയഗാനത്തോടു കൂടിയാണ്, ക്രമപ്രകാരവും ചിട്ടയോടുകൂടിയും സുഗമമായി നടന്ന സമ്മേളനം സമാപിച്ചത്.

കോവിഡ് പ്രതിരോധനിബന്ധനകൾ ഇപ്പോഴും നിലനില്ക്കുന്നതിനാലും മന്നംജയന്തി ആഘോഷങ്ങൾക്ക് മുൻകൂട്ടി ആവശ്യമായ കരുതലുകൾ സ്വീകരിക്കാൻ കഴിയാതെവന്നതിനാലും ഈ പ്രാവശ്യത്തെ ജയന്തി ആഘോഷം ഒഴിവാക്കിക്കൊണ്ട് മന്നംസമാധിയിലും താലൂക്ക് യൂണിയൻ തലത്തിലും കരയോഗതലത്തിലും 'മന്നംജയന്തി ദിനാചരണം' ആയി നടത്തുകയാണ് വേണ്ടതെന്ന ജനറൽ സെക്രട്ടറിയുടെ നിർദ്ദേശം യോഗം അംഗീകരിക്കുകയുണ്ടായി.